(ബി) മേയ് മാസത്തിൽ - 7 ദിവസവും, ജൂൺമാസത്തിൽ - 17 ദിവസവും ക്യാൻസൽ ചെയ്തിട്ടുണ്ട്.

87 (1819) കണിയാപുരം ബസ്സ് ഡിപ്പോ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണിയാപുരം കെ.എസ്.ആർ.ടി.സി, ബസ്സ് ഡിപ്പോയിൽ ആവശ്യത്തിന് ബസ്സുകൾ ഇല്ലാത്തതിനാലും ഉള്ളവ തന്നെ പഴക്കം ചെന്ന് നിരന്തരം തകരാറിലായതിനാലും പൊതുജനങ്ങൾ അനുഭവിക്കുന്ന യാത്രാദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) റണ്ണിംഗ് കണ്ടീഷനിലുള്ള ബസ്സുകൾ ഈ ഡിപ്പോയിലേക്ക് അനുവദിക്കുമോ;

(സി) തമ്പാനൂരിൽനിന്നും പെരുമാതുറ, മുരുക്കുമ്പുഴ, പോത്തൻകോട് തുടങ്ങിയ പ്രദേശങ്ങളിലേക്ക് ഓപ്പറേറ്റ് ചെയ്തിരുന്നതും അകാരണമായി നിറുത്തൽ ചെയ്തതുമായ സർവ്വീസുകൾ പുനരാരംഭിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഇപ്പോൾ കണിയാപുരം ഡിപ്പോയിൽ നൽകിയിരിക്കുന്ന ബസ്സുകളിൽ പഴക്കം ചെന്നവയുണ്ട്. ബസ്സുകളുടെ ലഭ്യതയനുസരിച്ച് പഴയവ പിൻവലിക്കുന്നതാണ്.

(ബി) ലഭ്യതയനുസരിച്ച് പുതിയ ബസ്സുകൾ അനുവദിക്കുന്നതാണ്.

(സി) പ്രസ്തുത സർവ്വീസുകൾ കണിയാപുരം ഡിപ്പോയിൽ നിന്നും 30.6.99 മുതൽ പുനരാരംഭിച്ചു.

88 (1820) വെഹിക്കിൾ ഇൻസ്പെക്ടർമാർ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തെ വാഹനങ്ങളുടെ അനുപാതവും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ അനുപാതവുമെത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള അനുപാതം പര്യാപ്തമാണെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ?

ഉത്തരം

(എ) വാഹനങ്ങളുടെ അനുപാതമനുസരിച്ച് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തിക നിശ്ചയിച്ചിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly